A

സമഗ്രശിക്ഷാ കേരളം
പാദവാർഷിക മൂല്യനിർണ്ണയം 2024-2025

712

മലയാളം
അടിസ്ഥാനപാഠാവലി

ക്ലാസ് : 7

സമയം: 2 മണിക്കൂർ

നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. ബാക്കിയുള്ള അഞ്ചു പ്രവർത്തനത്തിൽ നാല് എണ്ണത്തിനു ഉത്തരമെഴുതിയാൽ മതി.

പ്രവർത്തനം 1 – വായിക്കാം എഴുതാം

നോക്കുകുത്തി

എത്ര മനോഹരം, നോക്കുകുത്തീ
പാടത്തു നിന്റെയീ നില്പുകണ്ടാൽ
പച്ചക്കറിക്കൊരു കാവലാളാണെന്ന
ഭാവമേ ഇല്ല നിനക്ക്!
ചട്ടിത്തലയിൽ ചിരി വരച്ചങ്ങനെ
നോക്കി നിൽക്കുന്നു നീ നിത്യം
കൂട്ടമായ് പോകുന്ന കുട്ടികൾ, രാവിലെ
പാലുകൊണ്ടോടുന്ന പെണ്ണ്.
വേലി വളയ്ക്കാത്ത പാടം മുറിച്ചുകൊ-
ണ്ടെത്തുന്ന പൂവാലിപ്പയ്യ്
ഉച്ചമയക്കത്തിലെത്തുന്ന മൈനകൾ
കൊത്തിക്കൊറിക്കും സ്വകാര്യം.
മൊട്ടത്തലക്കുമേൽ കേറീട്ടു വല്യേ
ഭാവത്തിലങ്ങനെ കാക്ക.....
ഒന്നുമറിയാത്തപോലെ നീ നിൽപാണു
രാവിലെ മഞ്ഞിൻ തണുപ്പിൽ
കോമാളി വേഷവും കെട്ടിയിട്ടിങ്ങനെ
പാടവരമ്പത്ത് ചേലിൽ.

എ.ജയകൃഷ്ണൻ

1. നോക്കുകുത്തി പച്ചക്കറിയ്ക്ക് ആരാണ്?
   (കൂട്ടുകാരൻ, കാവലാൾ, ബന്ധു, ഉടമസ്ഥൻ)
2. രാവിലെ ഓടിപ്പോകുന്ന പെണ്ണ് ആരാണ്?
   (നോക്കുകുത്തി, പൂവാലി, പാൽക്കാരി, പച്ചക്കറിക്കാരി)
3. മൈനകൾ കൊത്തിക്കൊറിക്കുന്നത് എന്താണ്?
   (സ്വകാര്യം, ഫലിതം, ധാന്യങ്ങൾ, മഞ്ഞ്)
4. ഗൗരവമില്ലാതെ നോക്കുകുത്തി ചിരിക്കുന്നതിന്റെ കാരണം?
   (ചലനമില്ലാത്ത നോക്കുകുത്തിയായതു കൊണ്ട്, മൈനകളെ കണ്ടതു കൊണ്ട്, കോമാളി വേഷം കെട്ടിയതുകൊണ്ട്, പാടം കടന്നു പശു വന്നതു കൊണ്ട്)

5. രാവിലെ മഞ്ഞിൻ തണുപ്പിൽ നിന്നത്?

(കാക്ക, മൈന, നോക്കുകുത്തി, പയ്യ്)

പ്രവർത്തനം 2 – (എ) വാങ്മയചിത്രം

അകലെ വെള്ളിമേഘങ്ങൾ ഓമനിക്കുന്ന നെല്ലിയാമ്പതി മലനിരകൾ, താഴെ പച്ചപ്പരവതാനി വിരിച്ച് നെൽപ്പാടങ്ങൾക്കു കാവലെന്നോണം തല ഉയർത്തി നിൽക്കുന്ന കേരവൃക്ഷങ്ങൾ, മനസ്സും ശരീരവും ഒരു പോലെ തഴുകി നിങ്ങുന്ന തണുത്ത കാറ്റും. അരുവികളും, കൈത്തോടുകളും ഇല്ലിവേലി കെട്ടിയ ചെറുകുടിലുകളും പ്രകൃതിഭംഗിയാൽ സമ്പന്നമായ പാലക്കാടൻ ഗ്രാമക്കാഴ്ച..

ഒരു ഗ്രാമത്തിന്റെ മനോഹരമായ വർണ്ണചിത്രം നിങ്ങളുടെ മനസ്സിൽ തെളിഞ്ഞില്ലേ?

മുൻപ് എപ്പോഴോ നിങ്ങൾ കണ്ടാസ്വദിച്ച ഗ്രാമത്തിന്റെ വാങ്മയചിത്രം തയ്യാറാക്കുക.

(ബി) – വിണ്ണിൻ വിളിപ്പാട് ചോന്നതെപ്പോൾ?

(മണ്ണിൻ പുതുമണം പൊങ്ങിയപ്പോൾ, കന്നിനെൽക്കണ്ടമുഴുതപ്പോൾ, ഉണ്ണിക്കതിരോന്റെ പൊൻനുകപ്പാടേറ്റപ്പോൾ)

പ്രവർത്തനം 3 – വിവരണം

പുതൻതിറ നാടൻ ചുവടുവച്ചുള്ള നൃത്തരൂപമാണ്. പാലക്കാട്, മലപ്പുറം ജില്ലകളിലാണ് പുതൻതിറ പ്രചാരത്തിലുള്ളത്. ഈ അനുഷ്ഠാന കലാരൂപം കെട്ടിയാടുന്നത് മണ്ണാൻ, വണ്ണാൻ സമുദായക്കാരാണ്. മകരക്കൊയ്ത്ത് കഴിഞ്ഞുള്ള വേലവരവുമായി ബന്ധപ്പെട്ടാണ് തിറ, പുതൻ കെട്ടിയാടുന്നത്. ചെണ്ട, ഇലത്താളം തുടങ്ങിയ വാദ്യോപകരണങ്ങൾ പുതൻതിറയ്ക്ക് അകമ്പടിയായി ഉണ്ടാകും.

ഒരു നാടൻ കലാരൂപത്തെക്കുറിച്ച് വായിച്ചില്ലേ?

നിങ്ങളുടെ നാട്ടിലുള്ള ഏതെങ്കിലും നാടൻകലാരൂപത്തെക്കുറിച്ച് വിവരണം തയ്യാറാക്കുക.

പ്രവർത്തനം 4 – (എ) താരതമ്യക്കുറിപ്പ്

കാഴ്ചവട്ടം

കാറ്റു പിടിച്ചു വളഞ്ഞൊരു
വാടിയ വള്ളിത്തണ്ടു കണക്കെ...
ചുമച്ചു തളർന്നൊരു കമ്പിൽ തൂങ്ങി..
യൊരെല്ലിൻ കൂടു വരുന്നു.
പണ്ടീ മണ്ണിൽ പൊരുതിയ
പഴയൊരു കർഷകനാണദ്ദേഹം
പൂന്നെല്ലിൻ പുതുമണ്ണിൻ
സൗരഭമേൽക്കാൻ കൊതിയാണെന്നും!
പൂഞ്ച നികന്നതു കണ്ടു
പിന്നെ തോടു വരണ്ടതു കണ്ടു..
വിതയും കൊയ്ത്തും മെതിയും പാട്ടും.
മെല്ലെ മറഞ്ഞതറിഞ്ഞു...
കെടുതിക്കാഴ്ചകൾ കണ്ടൊരു കണ്ണിൽ
ഇരുളു നിറഞ്ഞു കനത്തു.

ശ്രീകുമാർ എസ്.

ഈ കവിതയിലെ ആശയങ്ങളും ഗ്രാമശ്രീ എന്ന കവിതയിലെ ആശയങ്ങളും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

(ബി)

കുമ്മാട്ടി സംഘത്തിന്റെ നേതാവ് ആര്?

(വാദ്യക്കാരൻ, തള്ള, പാട്ടുകാരൻ)

പ്രവർത്തനം 5- അഭിമുഖ ചോദ്യാവലി

കൃഷിരീതികളിൽ നൂതനമായ നിരവധി പുതുമകൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. വിത്തു സംഭരണത്തിൽ, കൃഷി ഉപകരണങ്ങളിൽ, വിള സംസ്കരണത്തിൽ എല്ലാം കൃഷി ഓഫീസറു മായി സംസാരിച്ചാൽ കൂടുതൽ വസ്തുതകൾ മനസിലാക്കാം. അദ്ദേഹവുമായിട്ടുള്ള അഭിമുഖത്തി നായി ചോദ്യങ്ങൾ തയ്യാറാക്കാം. (കുറഞ്ഞത് 5 ചോദ്യങ്ങൾ)

പ്രവർത്തനം 6 - (എ) കുറിപ്പ് തയ്യാറാക്കുക

അമേരിക്കൻ പ്രസിഡന്റായിരുന്ന ജോർജ് വാഷിംഗ്ടൺ ഒരിക്കൽ ഇങ്ങനെ അഭിപ്രായപ്പെട്ടു. 'മനുഷ്യന്റെ ഏറ്റവും ആരോഗ്യപ്രദവും ശ്രേഷ്ഠവുമായ തൊഴിലാണ് കൃഷി'

ഈ വരികളിലെ ആശയം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

(ബി)

വിത്തുമൂട ഉപയോഗിക്കുന്നത് എന്തിന്?

(ഉണക്കിയെടുക്കുന്ന വിത്തുകൾ സൂക്ഷിക്കുന്നതിന്, വിത്തുകൾ തയ്യാറാക്കുന്നതിന്, വിത്തുകൾ പാകുന്നതിന്)